**സബ്മിഷൻ**

യോഗ്യത ഉയർത്തലും കരം രസീത് എഴുതാനുള്ള അധികാരം നൽകലും

ശ്രീ. പി. സി. ജോർജ്: സർ, വില്ലേജ് ഓഫീസുകളിലുള്ള ക്ലാസ്സ്-III വിഭാഗത്തിൽപ്പെട്ട തസ്തികയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്. വില്ലേജ് ഓഫീസറെ കൂടാതെ നിലവിലുള്ള നാല് തസ്തികകളിൽ രണ്ടുപേർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരാണ്. വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് 8, 9 ശമ്പള കമ്മീഷനുകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് കരം രസീത് എഴുതുന്നത് ഉൾപ്പടെയുള്ള അധികാരങ്ങൾ നിർണ്ണയിച്ച് നൽകണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ നാളിതുവരെ ഈ നിർദ്ദേശം നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇതുമൂലം വില്ലേജ് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾ യഥാസമയം സേവനം ലഭിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. 8, 9 ശമ്പള കമ്മീഷൻ ശുപാർശ കണക്കിലെടുത്ത് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിന്റെ ഭാഗമായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആക്കി ഉയർത്തി എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കുന്നത് റവന്യൂ (റ്റി) വകുപ്പ് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അംഗീകാരം നൽകുകയും ചെയ്തതുപ്രകാരം നടപടിക്രമം പൂർത്തീകരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ

അഭിപ്രായം ആരായാൻ കത്ത് നൽകുകയും ചെയ്തു. തുടർന്ന് ഇതിന് ഇറക്കാൻ ഇരിക്കുന്ന ഉത്തരവിന്റെ പകർക്ക് സർക്കാരിനോട് പി.എസ്.സി. ആവശ്യപ്പെട്ടതിൻ പ്രകാരം റവന്യൂ വകുപ്പ് തയ്യാറാക്കിയ എക്സിക്യൂട്ടീവ് ഉത്തരവിന്റെ കരട് രണ്ട് തവണ ഫിനാൻസ് വകുപ്പിലേയ്ക്ക് അയയ്ക്കുകയും രണ്ടു തവണയും ഫിനാൻസ് വകുപ്പ് അംഗീകാരം നൽകി റവന്യൂ വകുപ്പിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതുമാണ്. വില്ലേജിലെ ജോലിഭാരം സംബന്ധിച്ച് പി. ആന്റ് എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് രസീത് എഴുതാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്ത് നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. മാത്രമല്ല പക്ഷഭേദമന്യേ എല്ലാ സർവ്വീസ് സംഘടനകളും ഇതേ ആവശ്യം ഉന്നയിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ വകുപ്പിലെ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട് 09.10.2013-ൽ നടന്ന സർവ്വീസ് സംഘടന ചർച്ചയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആക്കി ഉയർത്തണമെന്ന് ഐകകണ്ഠേന തീരുമാനമെടുത്തിട്ടുള്ളതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലുള്ള 70777/T1/2012/RD നമ്പർ ഫയലിൽ പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന് മുമ്പായി സർക്കാരിനും ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ അനുകൂല ഉത്തരവ്

ഇറക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും ആവശ്യമായ സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് പറഞ്ഞത് ശരിയാണ്. റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് ഓഫീസുകളിലെ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഒൻപതാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇപ്പോഴത്തെ വില്ലേജ് മാന്വൽ പ്രകാരം കരം എഴുതാൻ നിലവിൽ വില്ലേജ് അസിസ്റ്റന്റിനും വില്ലേജ് ഓഫീസർക്കും മാത്രമേ അധികാരമുള്ളൂ. അത് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കുകൂടി കൊടുക്കണമെന്നുള്ളത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതിനായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തണം. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ വില്ലേജ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത എൽ.ഡി.സി.യുടെ നിലവിലുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി. പാസ്സ് എന്നതിന് തുല്യമായി ഉയർത്തി വില്ലേജ് ഓഫീസുകളിൽ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കാമെന്നുള്ളതാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അത് സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്.

<u>കാപ്പക്സ് ഫാക്ടറികളുടെ സംരക്ഷണം</u>

<u>ശ്രീ. എ. എ. അസീസ്:</u> സർ, ഈ വിഷയം ഇന്നലെ ഈ സഭയിൽ ശ്രീ. പി. കെ. ഗുരുദാസൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുള്ളതുമാണ്. എന്നിരുന്നാലും, കശുവണ്ടി വ്യവസായ രംഗത്ത് കാപ്പക്സ് ഫാക്ടറികൾ സുപ്രീംകോടതി വിധി പ്രകാരം സ്വകാര്യ ഉടമകൾക്ക് വിട്ടുകൊടുത്താൽ അതീവ ഗുരുതരമായ പ്രശ്നമാണ് ആ മേഖലയിൽ ഉണ്ടാകാൻ പോകുന്നത്. അയ്യായിരത്തോളം തൊഴിലാളികളാണ് പത്ത് ഫാക്ടറികളിലായി പണിയെടുക്കുന്നത്. 1982-1984 കാലഘട്ടത്തിൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. അഹമ്മദ് സാഹിബ് ഉൾപ്പെടെയുള്ളവരും ഞാനുംകൂടി ചേർന്ന് അന്ന് നടത്തിയ സമരത്തിന്റെ ഫലമായാണ് ഈ ഫാക്ടറികൾ അന്ന് ഏറ്റെടുത്തത്. ഈ ഫാക്ടറികളെല്ലാം അടച്ചുപൂട്ടിക്കിടന്നിരുന്നതാണ് അന്ന് അങ്ങനെ സമരം ചെയ്യാൻ ഇടയായത്. അടച്ചുപൂട്ടിക്കിടന്നിരുന്ന ഫാക്ടറികൾ തുറക്കണമെന്നാവശ്യപ്പെട്ട് സമരം നടന്ന കാലഘട്ടത്തിലാണ് ഈ ഫാക്ടറികൾ ഏറ്റെടുക്കാൻ തീരുമാനിക്കുകയും അക്വിസിഷൻ ആക്ട് അനുസരിച്ച് ഏറ്റെടുക്കുകയും ചെയ്തത്. പല കാലഘട്ടങ്ങളിലായി കശുവണ്ടി മുതലാളിമാർ/ഉടമകൾ ഹൈക്കോടതിയിലും

സുപ്രീംകോടതിയിലുമൊക്കെ കേസുമായി പോയിരുന്നു. ചില അവസരത്തിൽ അവർക്ക് അനുകൂലമായി വിധി വരുകയും ചെയ്തു. ആ വിധി വന്ന അവസരത്തിലൊക്കെത്തന്നെ വിധിയെ മറികടക്കാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടികളും സ്വീകരിച്ചിരുന്നു. ഇപ്പോഴുള്ള ഗുരുതരമായ പ്രശ്നം, ഇന്നലെ ഇവിടെ പ്രതിപാദിച്ചതുപോലെ, ഈ ഫാക്ടറികൾ വിട്ടുകൊടുക്കേണ്ടി വന്നാൽ, കോർപ്പറേഷന്റെ കീഴിൽ 34 ഫാക്ടറികൾ ഉണ്ടായിരുന്നതിൽ നാല് ഫാക്ടറികൾ മുമ്പൊരിക്കൽ ഇതുപോലെ മുതലാളിമാർക്ക് അനുകൂലമായി വിധിവന്നപ്പോൾ വിട്ടുകൊടുക്കേണ്ടിവന്നു. എന്നാൽ ഇത്തവണ ഈ ഫാക്ടറികൾ വിട്ടുകൊടുക്കേണ്ടി വന്നാൽ, കോർപ്പറേഷന്റെ കൈവശമുള്ള 30 ഫാക്ടറികളിൽ 20 ഫാക്ടറികൾ വാടക ഫാക്ടറികളാണ് 10 ഫാക്ടറികൾ മാത്രമാണ് സ്വന്തമായിട്ടുള്ളത്. ആ 20 ഫാക്ടറികൾ മുതലാളിമാർക്ക് അനുകൂലമാണ്. അവരും ഇപ്പോൾ കോടതിയിൽ നിൽക്കുകയാണ്. വ്യവസായ രംഗത്ത് ഇരുപത്തയ്യായിരത്തോളം വരുന്ന തൊഴിലാളികൾ നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നം ഈ ഗവൺമെന്റ് നേരിടുന്ന വലിയ പ്രതിസന്ധിയായിരിക്കും. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ ഭേദം രോഗം വരാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. അങ്ങനെ

സംഭവിച്ചുകഴിഞ്ഞാൽ വലിയ ഒരു സമരം പൊട്ടിപ്പുറപ്പെടും. അതിനെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടിവരും. അതുകൊണ്ട് ജാഗ്രതയോടുകൂടി തന്നെ..... കാപ്പക്സ് മാനേജ്മെന്റുതന്നെ റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതിന് ഡൽഹിയിൽ പോയിരുന്നു. അവർ റിവ്യൂ പെറ്റീഷൻ കൊടുത്തുകാണുമെന്നാണ് വിശ്വസിക്കുന്നത്. അതോടൊപ്പംതന്നെ കാഷ്യൂ ഫാക്ടറികൾ പ്രൈമറി സംഘങ്ങളായി രൂപീകരിച്ച് അപ്പെക്സ് സംഘമാക്കിയതാണ് കാപ്പക്സ്. ഓരോ ഫാക്ടറിയും ഓരോ സംഘമാണ്. ആ ഓരോ സംഘത്തിനും ഓരോ പേരാണ്. ഉദാഹരണമായി പെരിനാട് കാഷ്യൂ സൊസൈറ്റി. ഇങ്ങനെ ഓരോ സൊസൈറ്റികളാണ്. ഇങ്ങനെയുള്ള ഓരോ സൊസൈറ്റികളും കേന്ദ്രീകരിച്ച് ആ ഫാക്ടറികളിലെ ട്രേഡ് യൂണിയൻ പ്രവർത്തകർ അപ്പീലുമായി പോയാൽ നമുക്ക് ഗുണകരമാക്കാൻ സാധിക്കും. അതിന് യഥാർത്ഥത്തിൽ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ മാനേജ്മെന്റ് ഉൾപ്പടെയുള്ളവരുടെ ഒരു യോഗം ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി വിളിച്ചുകൂട്ടി എല്ലാവർക്കും നിർദ്ദേശം കൊടുത്താൽ, ഒരു ഭാഗത്ത് ഗവൺമെന്റ് റിവ്യൂ പെറ്റീഷനുമായി പോകുക, മറ്റൊരു ഭാഗത്ത് കാപ്പക്സ് പോകുക, വേറൊരു ഭാഗത്ത് പ്രൈമറി സംഘങ്ങൾ പോകുക. അങ്ങനെയൊക്കെ പ്രതിരോധിക്കാൻ സാധിച്ചാൽ മാത്രമേ ഇത്

നിലനിർത്താൻ സാധിക്കൂ. അപകടം സംഭവിക്കാതെ മുൻകൂട്ടി നമ്മൾ നടപടി സ്വീകരിക്കേണ്ടിയിരിക്കുകയാണ്. അതിന് മുൻകൈ എടുക്കണമെന്നതാണ് എന്റെ ഈ സബ്മിഷൻ.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള നടപടികൾ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒന്ന്, ഇപ്പോൾ ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ യോഗം വിളിക്കാം. ഇതുമായി ബന്ധപ്പെട്ടവരെ വിളിച്ച് എന്ത് ചെയ്യണമെന്ന് നമുക്ക് കൂട്ടായി ആലോചിക്കാമെന്ന് ഞാൻ ഇന്നലെ പറഞ്ഞത് ആവർത്തിക്കുന്നു. രണ്ട്, ഏറ്റെടുക്കൽ നിയമത്തെയാണ് സുപ്രീംകോടതി തടഞ്ഞിരിക്കുന്നത്. നമുക്ക് നിയമപരമായി വിശദമായി പഠിച്ച് എന്താണ് നല്ലതെന്ന് ആലോചിക്കേണ്ടിവരും. എട്ട് ആഴ്ചയ്ക്കുള്ളിൽ ഫാക്ടറികൾ വിട്ടുകൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. റിവ്യൂ കൊടുത്തുകഴിയുമ്പോൾ നമുക്ക് അതിന്റെ തീരുമാനംവരെ വെയ്റ്റ് ചെയ്യാം. അതിനിടയിൽ നിയമനിർമ്മാണത്തിന്റെ അഭിപ്രായം ചോദിച്ചിട്ടുണ്ട്. സാദ്ധ്യമാണെങ്കിൽ ഈ സഭാ സമ്മേളനകാലത്തുതന്നെ നമുക്ക് നിയമസഭയിൽ കൊണ്ടുവരാം. എല്ലാം സൈമൾട്ടേനിയസായി ആലോചിക്കുന്നുണ്ട്. ഇത്രയുംകാലം കാപ്പക്സിന്റെ

ഉടമസ്ഥതയിലിരുന്ന ഫാക്ടറികൾ വിട്ടുകൊടുക്കാൻ കഴിയില്ല. ഇവിടെ ഒരു ഫാക്ടറിയുടെ ആളാണ് കേസിനുപോയത്. ഒരു പൂവ് ചോദിച്ച ചെന്നവന് ഒരു പൂന്തോട്ടം കൊടുത്തുവെന്ന് പറഞ്ഞമാതിരിയാണ് എല്ലാ ഫാക്ടറികളുംകൂടി സുപ്രീംകോടതി വിട്ടുകൊടുത്തത്. അതാണ് ഉണ്ടായിരിക്കുന്നത്. അപ്രതീക്ഷിതമായ വിധിയാണ്. അതുകൊണ്ട് വളരെ ഗൗരവത്തിലാണ് ഗവൺമെന്റ് ഇത് കാണുന്നത്. ട്രേഡ് യൂണിയൻകാരുടെ യോഗം ചേർന്ന് എന്തുവേണമെന്ന് തീരുമാനിക്കാം.

പോലീസ് മർദ്ദനം

ശ്രീ. പി. എ. മാധവൻ: സർ, ഇന്നുതന്നെ സഭയിൽ ചർച്ച ചെയ്ത ഒരു വിഷയത്തിന്റെ പ്രാധാന്യവും അതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യവും അവതരിപ്പിക്കാൻ വേണ്ടിയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. വടക്കാഞ്ചേരി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട പുഴയ്ക്കൽ ശോഭാസിറ്റിയിൽ ജനുവരി 29-ന് പുലർച്ചെ നടന്ന കേരളമല്ല, ലോകംതന്നെ കണ്ട എന്ന് പറയാവുന്ന രീതിയിൽ എല്ലാവരേയും നടുക്കുന്ന അതി പൈശാചികമായൊരു നരനായാട്ടിനെ തുടർന്ന് ഫെബ്രുവരി 16-ന് മണലൂർ നിയോജകമണ്ഡലത്തിലെ കാരമുക്കിൽ താമസിക്കുന്ന ചന്ദ്രബോസ് എന്ന നിരപരാധിയായ ഒരു സെക്യൂരിറ്റി ജീവനക്കാരൻ കൊല്ലപ്പെട്ടു. ഈ സംഭവത്തെ തുടർന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അമല

ആശുപത്രിയിൽ ചെന്ന് നേരത്തെ ഇവിടെ പരാമർശിച്ചതുപോലെത്തന്നെ ഇരയോടൊപ്പമാണ് എന്ന വിധത്തിൽ പഴുതുകളടച്ച് അന്വേഷണം എന്ന പ്രഖ്യാപനം നടത്തി. സർക്കാർ ചെലവിൽ ചികിത്സ പ്രഖ്യാപിച്ചു. അന്വേഷണം മുന്നോട്ടു പോയി. ഞാനിന്ന് ഈ സബ്മിഷൻ ഉന്നയിക്കുമ്പോഴത്തെ സ്ഥിതി അന്വേഷണവുമായി ബന്ധപ്പെട്ട് ഒട്ടനേകം ആശങ്കകളും പരാതികളും ജനങ്ങൾക്കിടയിൽ നിത്യേനയെന്നോണം വന്നുകൊണ്ടിരിക്കുകയാണ്. എന്റെ വിനീതമായ അഭിപ്രായം ഞാനുൾപ്പെടുന്ന മണലൂരിൽപെട്ട ആ പ്രദേശത്തിന്റെ ജനപ്രതിനിധി എന്ന നിലയിൽ ഈ മരണമൊഴി എടുക്കാത്തത് ആ ശ്രമവുമായി ബന്ധപ്പെട്ട് ഇരയുടെ വസ്ത്രം അത് ശരിയായ വിധത്തിൽ കൈകാര്യം ചെയ്തില്ലെന്ന ഗുരുതരമായ പാളിച്ച എന്നുതുടങ്ങി അന്വേണഷത്തിലെ ബാംഗ്ലൂർ യാത്ര ഉൾപ്പെടെ നിത്യേനയെന്നോണം സർക്കാർ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ അന്വേഷണം സുതാര്യമായും പഴുതുകളടച്ചും ചെയ്യുമ്പോഴും ജനങ്ങൾക്കിടയിൽ ഗുരുതരമായ തെറ്റായ ഭയാശങ്കകളും അന്വേഷണത്തെകുറിച്ചുള്ള ആരോപണങ്ങളും ഉണ്ടാക്കാനുള്ള ശ്രമം നടക്കുകയാണ്. മരിച്ച ചന്ദ്രബോസിന്റെ രാഷ്ട്രീയം നോക്കിയോ, നിസാമിന്റെ കുടുംബത്തിന്റെ രാഷ്ട്രീയം നോക്കിയോ ഒന്നുമല്ല ജനപ്രതിനിധി എന്നുള്ള നിലയിൽ ഇക്കാര്യത്തിൽ ഞാൻ ബന്ധപ്പെടാൻ ശ്രമിച്ചത്. വളരെ ദാരുണമായ ഒരിക്കലും

ആവർത്തിച്ചുകൂടാത്ത ഒരു വലിയ കൊലപാതകം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുശേഷം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ വസതിയിൽ പോയപ്പോൾ ഞാനും ശ്രീ. വി.എസ്. സുനിൽ കുമാർ എന്നിവരൊക്കെയുണ്ടായിരുന്നു. അവിടെവച്ച് അഞ്ചിന കാര്യങ്ങൾ അദ്ദേഹം പ്രഖ്യാപിച്ചു. ആ കുടുംബത്തോടും നാട്ടുകാരോടും പൂർണ്ണമായി അതിലും വലിയ കാര്യങ്ങൾ ചെയ്യാനില്ല എന്ന രീതിയിലാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്വേഷണ കാര്യങ്ങളെകുറിച്ച് പറഞ്ഞത്. ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്-ന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം തുടരും. നിയമപരമായ കാര്യങ്ങൾ അന്വേഷിച്ച് കാപ്പ ചുമത്തപ്പെടും. അദ്ദേഹം ചുമത്തുമെന്ന അർത്ഥത്തിലല്ലെങ്കിൽ പോലും കാപ്പ ഒരു ആവശ്യമായതുകൊണ്ടും അത് അനിവാര്യമായതുകൊണ്ടും അത് ചുമത്തപ്പെടും. മറ്റൊന്ന് അവിടെ തെറ്റായ രീതിയിൽ സമ്പാദിച്ച പണത്തെകുറിച്ചും ഇന്നലെകളിൽ ഒതുക്കിതീർത്ത കേസുകളെകുറിച്ചും വിജിലൻസ് അന്വേഷണം നടത്തും. അങ്ങനെ തുടങ്ങി ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ക്യാബിനറ്റും ഈ ഇരയുടെ ഭാര്യക്ക് തൊഴിൽ കൊടുക്കുന്നതിനും മരണത്തിന് ശേഷം മണിക്കൂറുകൾക്കുള്ളിൽ 10 ലക്ഷം രൂപ ആനുകൂല്യം പ്രഖ്യാപിക്കുന്നതിനൊക്കെ തയ്യാറായി. ഈ സാഹചര്യത്തിൽ

കേരളത്തിൽ മാത്രമല്ല കേരളത്തിന് പുറത്തുള്ള മുഴുവൻ മലയാളികളും മലയാളികളല്ലാത്തവരും വളരെയേറെ മൈക്രോസ്കോപ്പ് പോലെ സൂക്ഷ്മമായി ഈ കേസിന്റെ ഓരോ ചലനവും നിരീക്ഷിക്കുകയാണ്. അതുകൊണ്ട് ഇരയുടെ കുടുംബമോ, സഹധർമ്മിണിയോ, ബന്ധുക്കളോ ആവശ്യപ്പെട്ടാൽ മറ്റു നിലയിൽ ഈ കേസിനെ പ്രതികൂലമായി ബാധിക്കില്ലെങ്കിൽ ഈ കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിക്കാൻ കേരള സർക്കാർ തയ്യാറാകണമെന്ന് വിനയപൂർവ്വം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി.എ. മാധവൻ ഇവിടെ ഉന്നയിച്ച കാര്യത്തിന് ഞാൻ അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചതാണ്. അത്യന്തം പൈശാചികവും നിഷ്ഠൂരവുമായ, സമൂഹ മന:സാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ് ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് നടന്നത്. ഈ കൊലപാതകത്തിന് ഉത്തരവാദികളായ ആളുകളെ നിയമത്തിന് മുൻപിൽ കൊണ്ടുവരുകയും അവർക്ക് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്യുകയെന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അതനുസരിച്ചുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഈ സംഭവം

ഉണ്ടായതിനുശേഷം ഞാൻ അവരുടെ വീട്ടിൽ പോയിരുന്നു. ശ്രീ. വി.എസ്. സുനിൽ കുമാർ, ശ്രീ. പി.എ. മാധവൻ, സി.പി.ഐ.യുടെ അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങി വലിയൊരു ജനക്കൂട്ടം ഉണ്ടായിരുന്നു. അവിടെവച്ച് അവരുടെ വീട്ടുകാരും അവരുടെ അമ്മയും സഹോദരിയും സഹോദരനും പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. കാപ്പ നിയമം ചുമത്തുന്നതിന് നിയമപരമായ സാധ്യതകൾ ആരായുമെന്ന് പറഞ്ഞു. പോലീസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ കാപ്പ പുറപ്പെടുവിച്ചിട്ടുണ്ട്. പിറ്റേ ദിവസം തന്നെ വിജിലൻസ് അന്വേഷണം എർപ്പെടുത്താൻ ഞാൻ ഓറൽ ഇൻസ്ട്രക്ഷൻ കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെയാണ് എനിക്ക് തോന്നിയത് Economic Offence Wing-നെക്കൊണ്ട് സാമ്പത്തിക ഇടപാടുകളെകുറിച്ച് അന്വേഷിക്കണമെന്ന്. ഇന്നലെതന്നെ സി.ബി.സി.ഐ.ഡി. Economic Offence Wing എ.ഡി.ജി.പി. (ക്രൈം)-നെകൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ അവരുടെ ഭാര്യയുടെ ജോലിയെപ്പറ്റി പറഞ്ഞു. അതിനുള്ള നടപടികളാകുന്നു. കുടുംബത്തിന്റെ സാമ്പത്തിക

സഹായത്തെപറ്റി പറഞ്ഞു. അതിനുള്ള നടപടികളെടുത്തു. ചികിത്സാ ചെലവ് വഹിക്കാമെന്നു പറഞ്ഞു. ആ ചികിത്സാ ചെലവ് വഹിച്ചു. തന്നെയുമല്ല നിയമത്തിന്റെ പബ്ലിക് പ്രോസിക്യൂട്ടറെ സംബന്ധിച്ച്... ഇന്നിപ്പോൾ അവരുടെ കുടുംബാംഗങ്ങൾ വന്നിട്ടുണ്ട്. ശ്രീ. വി.എസ്. സുനിൽ കുമാർ അവരെന്നെ എന്റെ ഓഫീസിൽ കാത്തിരിക്കുന്നുവെന്ന് പറഞ്ഞു. പേപ്പർ ലേയിംഗും കൂടി കഴിഞ്ഞാൽ അവരുമായി സംസാരിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കും. നിയമപരമായി ചില കാര്യങ്ങൾ ആഭ്യന്തര വകുപ്പ് മന്ത്രിയെന്നുള്ള നിലയിൽ ഞാൻ പറയാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഞാൻ പറയുന്നില്ലെന്നേയുള്ളൂ. എനിക്കൊരു കാര്യം പറയാനുണ്ട്. മാധ്യമങ്ങൾ അങ്ങേയറ്റത്തെ ജാഗ്രത എല്ലാ കാര്യത്തിലും പുലർത്തുന്നത് നല്ല കാര്യമാണ്. ഏത് കാര്യമാണെങ്കിലും ഫോർത്ത് എസ്റ്റേറ്റിന്റെ പ്രാധാന്യം ഞാൻ വളരെ നന്നായി മനസ്സിലാക്കുന്ന ഒരാളാണ്. അവരുടെ സേവനങ്ങളെ വിലമതിക്കുകയാണ്. പക്ഷേ ഒരു കൊലക്കേസിൽ മീഡിയാ ട്രയൽ എവിടെവരെ പോകാം, അത് പ്രതിയെ എങ്ങനെ സഹായിക്കും എന്നുള്ള കാര്യം കൂടി ദയവായി അവർ പരിശോധിക്കണം എന്നൊരു വിനീതമായ അഭ്യർത്ഥന ഈ സഭയിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുണ്ട്. ഈ കൊലപാതകത്തിൽ അവരുടെ വീട്ടുകാർക്ക് കേസ് സി.ബി.ഐ.ക്ക് വിടണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അങ്ങനെ

ചെയ്യുന്നതിൽ വിടുന്നതിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. ആ കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ മനസ്സാണുള്ളത്. അതിന് ആ വീട്ടുകാരുടെ ആവശ്യമുണ്ടാകണം. അല്ലാതെ അത് ശരിയാവില്ല. കാരണം പോലീസ് ഇപ്പോൾ നല്ല നിലയിൽ അത് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. അതല്ല ഈ മാധ്യമ വാർത്തകളുടെയും ചർച്ചകളുടെയും ഒക്കെ അടിസ്ഥാനത്തിൽ വീട്ടുകാർക്ക് അങ്ങനെയൊരു ആവശ്യമുണ്ടെങ്കിൽ, ശ്രീ. വി.എസ്. സുനിൽ കുമാർ, ശ്രീ. പി.എ. മാധവൻ എന്നിവരോടും പറഞ്ഞതാണ്, അവർക്ക് അങ്ങനെയൊരു ആവശ്യമുണ്ടെങ്കിൽ ഇന്നുതന്നെ അത് സി.ബി.ഐ.ക്ക് വിടുന്നതിന് ഗവൺമെന്റിന് അഭിപ്രായവ്യത്യാസമില്ല. കാരണം ഗവൺമെന്റിന് എന്ത് മറച്ചുവയ്ക്കാനാണ്. ഒരു പാവപ്പെട്ട നിരപരാധിയെ വണ്ടികയറ്റി കൊല്ലുന്ന ആളിനെ സംരക്ഷിക്കാൻ ആർക്കെങ്കിലും താൽപര്യമുണ്ടാകുമോ; ഇതിനകത്ത് എന്ത് രാഷ്ട്രീയമാണുള്ളത്. ഈ സഭ ഒറ്റക്കെട്ടായി നിൽക്കുന്നൊരു കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ മനസ്സാണ്. ഏതായാലും ഇന്ന് ചേമ്പറിൽ വച്ച് സംസാരിച്ച് അവർക്ക് ആങ്ങനെയൊരു ആവശ്യമുണ്ടെങ്കിൽ അത് സി.ബി.ഐ.ക്ക് വിടുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു മടിയുമില്ല എന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഒരു

കേസിനെകുറിച്ച് പുതിയ നിർദ്ദേശം വയ്ക്കാൻ ഈ സഭയിലെ ഭരണകക്ഷിയിലെ ഒരു എം.എൽ.എ.യെ പ്രേരിപ്പിച്ചതെന്താണ്?

ശ്രീ. പി.എ. മാധവൻ: സർ, ഞാൻ നിർദ്ദേശം വച്ചതല്ല. ഞാൻ അഭിപ്രായം രേഖപ്പെടുത്തിയതാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ഈ സംഭവമുണ്ടായി എന്ന് 10 മിനുട്ട് മുൻപ് സഭയിൽ പ്രസംഗിച്ചു. ആർക്കുമൊരു വിരോധവും ഉണ്ടായില്ല. അടിയന്തര പ്രമേയത്തിന്റെ ആദ്യ വാചകത്തിൽ പറയുന്നു മദ്യത്തിനും മയക്ക മരുന്നിനും അടിമപ്പെട്ട് നടന്ന കൊലപാതകമെന്നാണ്. അതിന്റെ അർത്ഥം മനസ്സിലാക്കിയാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് പറയുവാനുള്ളത് ഈ നിഷ്ഠൂരമായ സംഭവത്തിൽ പ്രതിക്ക് കൂടുതൽ ശിക്ഷ വാങ്ങിക്കൊടുക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിൽ പൊളിറ്റിക്കൾ പോയിന്റ് സ്കോർ ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ദയമായി എനിക്ക് എല്ലാവരോടും ആവശ്യപ്പെടുവാനുള്ളത്.

ശ്രീ. കെ. കെ. നാരായണൻ: സർ, ഈ കഴിഞ്ഞ ജനവരി മാസം 27-ാം തീയതി ബി.ജെ.പി.ക്കാർ നടത്തിയ ഹർത്താൽ ദിവസം പെരളശ്ശേരി ചക്കരക്കൽ റോഡിലൂടെ നടന്നുപോവുകയായിരുന്ന രണ്ട് ചെറുപ്പക്കാരെ ചക്കരക്കൽനിന്നും വന്ന പോലീസ് പാർട്ടി അകാരണമായി പിടിച്ച് മൃഗീയമായി മർദ്ദിക്കുന്ന

സാഹചര്യമുണ്ടായി. ഒരു സംഭവത്തിലും പെട്ടവരല്ല അവർ. റോഡിലൂടെ സുഹൃത്തുക്കളെ കാണാൻ പോകുന്നവരെയാണ് പിടിച്ച് മൃഗീയമായി തല്ലിയത്. പോലീസ്, എസ്.ഐ., ഗ്രേഡ് എസ്.ഐ., കെ.എ.പി.ക്കാർ. മൂന്ന് വണ്ടികളിലാണ് അവർ വന്നത്. നടന്നുപോകുന്ന ചെറുപ്പക്കാരനെ കോളറിൽ പിടിച്ചു. പോലീസ് എസ്.ഐ. കെ.എ.പി.ക്കാർക്ക് തള്ളിക്കൊടുത്തു. അവർ വളഞ്ഞിട്ട് തല്ലി. താൻ എം.എൽ.എ.യുടെ മകനാണെന്ന് ആ ചെറുപ്പക്കാരൻ പറഞ്ഞു. അക്കാരണത്താൽ ബൂട്ടിട്ട കാലുകൊണ്ട് എന്റെ മകനെ അവർ ചവിട്ടി. ചവിട്ടിയെന്ന് മാത്രമല്ല നിലത്തിട്ട് കല്ലുകൊണ്ട് ദേഹത്ത് കുത്തുകയും ചെയ്തു. കൂടെ പിടിച്ച ചെറുപ്പക്കാരൻ രാജേഷിനെ കാലിന്റെ ചെറുവിരൽ തൊട്ട് കൈവിരൽ അടക്കം അടിച്ച് ആസകലം ബാന്റേജ് ഇടേണ്ടിവന്നു. ഒരു തെറ്റും ചെയ്യാത്ത രണ്ട് ചെറുപ്പക്കാരെ ഇങ്ങനെ മർദ്ദിക്കാനുള്ള കാരണം ഞങ്ങൾ മനസ്സിലാക്കുന്നത് ചക്കരക്കല്ല് പോലീസ് വളരെ കാലമായി അവിടെ ആർ.എസ്.എസ്.ന് കർസേവ ചെയ്യുകയാണ്. ആർ.എസ്.എസ്.കാരുടെ ആജ്ഞ ആനുസരിച്ചാണ് ഇങ്ങനെ ചെയ്തതെന്നാണ് മനസ്സിലാക്കുന്നത്. അവിടെ കഴിഞ്ഞ കുറെ നാളുകളായി ഞങ്ങളുടെ നിരവധി ഓഫീസുകൾ, അഞ്ചരക്കണ്ടിയിലെ പുറത്തേക്കാട് പാർട്ടി ഓഫീസ് രണ്ടുനില കെട്ടിടം, അഞ്ചരക്കണ്ടി നോർത്ത് ലോക്കൽ കമ്മിറ്റി ഓഫീസ് രണ്ടുനില കെട്ടിടം, അഞ്ചരക്കണ്ടി ഏരിയാ കമ്മിറ്റി

ഓഫീസ് രണ്ടുനില കെട്ടിടം, അവിടുത്തെ മുഴവൻ ഉപകരണങ്ങളും തല്ലിതകർത്തു. നിലത്തു പാകിയ മാർബിൾ എല്ലാം വെട്ടിപ്പൊളിച്ചെടുത്തു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. ചക്കരക്കല്ലിലെ വ്യാപാരിയായ ശ്രീ. പ്രേമന്റെ പുതിയ രണ്ടു നില വീട് ഇവർ ബോംബ് വച്ച് തകർത്തു. മുഴവൻ വാതിലും ചിതറിപ്പോയി, മുഴവൻ ജനലും തകർന്നു. സീലിംഗ് അടർന്നുവീണ് സീലിംഗ് ഫാൻ താഴെ വീണു. ഗർഭിണിയായ സ്ത്രീക്ക് പരിക്കുപറ്റി. ഇങ്ങനെ നിരന്തരം സംഭവം ആർ.എസ്.എസ്. ഉണ്ടാക്കിയിട്ട് ഒരു കേസിലെ പ്രതിയേയും പോലീസ് പിടിച്ചില്ല. ആർ.എസ്.എസ്.ന് പൂർണ്ണമായും സംരക്ഷണം കൊടുക്കുന്ന, ആർ.എസ്.എസ്.ന് കർസേവ ചെയ്യുന്ന ദാസ്യപണിയാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പോലീസ് ചക്കരക്കല്ല് എന്റെ മണ്ഡലത്തിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ട് തന്നെയാണ് എന്റെ മകൻ റോഡിലൂടെ നടന്നുപോകുമ്പോൾ.... രണ്ട് ചെറുപ്പക്കാരെയും രണ്ടിടത്തു വച്ചാണ് പിടിച്ചത്. പെരളശ്ശേരി-ചക്കരക്കൽ റോഡിൽ വച്ച് എന്റെ മകനേയും പെരളശ്ശേരി മൂന്നിരിയ റോഡിൽവച്ച് രാജേഷിനേയും പിടിച്ചു. രാജേഷ് ചക്കരക്കൽ റോഡിൽ മൂന്നിരിയ ഭാഗത്തേയ്ക്കും എന്റെ മകൻ പെരളശ്ശേരിയിൽ നിന്ന് ചക്കരക്കല്ല് ഭാഗത്തേയ്ക്കും നടന്നുപോവുകയായിരുന്നു. ഒരു സുഹൃത്തിന് കൊടുക്കാനുള്ള പണം കൊടുക്കാനാണ്

അയാൾ നടന്നുപോകുന്നത്. ചീറിവന്ന പോലീസ് പാർട്ടി ചാടിയിറങ്ങി അകാരണമായി എന്റെ മകനെ പിടിച്ചുകൊണ്ടുപോയി തല്ലി. രാത്രി 7 മണിക്കാണ് ഞാൻ വിവരം അറിയുന്നത്. 6 മണിക്കാണ് സംഭവം. ഞാൻ സ്റ്റേഷനിൽ ചെല്ലുമ്പോൾ അടികൊണ്ട് രാജേഷ് കരഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ മകൻ വയറുപിടിച്ച് ഛർദ്ദിക്കുകയുമാണ് ചെയ്യുന്നത്. ഞാൻ അവരെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടെങ്കിലും പോലീസ് അതിന് തയ്യാറായില്ല. ഒന്നുകിൽ ആശുപത്രിയിൽ കൊണ്ടുപോകണം, അല്ലെങ്കിൽ ആശുപത്രിയിൽ കൊണ്ടുപോകാൻ ഞങ്ങൾക്ക് വിട്ടു തരണം എന്നാവശ്യപ്പെട്ട് ഞാനവിടെ കുത്തിയിരുന്നു. വിവരമറിഞ്ഞ് രാത്രി 11.30 മണിക്കാണ് കണ്ണൂർ ഡിവൈ.എസ്.പി. സ്ഥലത്തു വന്നത്. അദ്ദേഹം വന്നതിനുശേഷം മാത്രമാണ് ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് ഈ ചെറുപ്പക്കാരെ ഞങ്ങൾക്ക് വിട്ടു തന്നത്. ഇങ്ങനെ മൃഗീയമായി മർദ്ദിച്ച്, പരിക്കേൽപ്പിച്ച് ആശുപത്രിയിൽ കൊണ്ടുപോകാൻകൂടി സന്നദ്ധത കാണിക്കാതെ ഇങ്ങനെ യജമാന പ്രീതിക്കുവേണ്ടി അവിടെ ചക്കരക്കൽ പോലീസ് നടത്തിയ നരനായാട്ടാണ് അവിടെ കണ്ടത്. ആർ.എസ്.എസ്.-കാരെ പിടിച്ചില്ല. അവർ മൃഗീയമായ കാര്യങ്ങൾ ചെയ്താൽ പോലും പെറ്റി കേസെടുത്ത് അവരെ സന്തോഷിപ്പിക്കും. ഈ പറഞ്ഞ സംഭവത്തിൽ ഒരാളെപ്പോലും ചക്കരക്കൽ

പോലീസ് പിടിച്ചില്ല. അങ്ങനെ പോലീസ് സേനയ്ക്കു തന്നെ അപമാനമായി നാണക്കേട് വരുത്തി വച്ചിരിക്കുന്ന ഒരു പോലീസാണ് ഇങ്ങനെ നിരപരാധികളായ ചെറുപ്പക്കാരെ തല്ലി അവശരാക്കിയത്. ഇതുസംബന്ധിച്ച പ്രിയപ്പെട്ട നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന പോലീസ് ഭാഷ്യം എനിക്ക് കേൾക്കണമെന്നില്ല. ഞാൻ നേരിട്ട് ദൃക്സാക്ഷിയും അനുഭവിച്ചതുമായ കേസാണിത്. ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി മാത്രമാണ് ഞാനിതിവിടെ പറഞ്ഞത്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ ഹർത്താൽ ആഹ്വാനം ചെയ്ത 27-01-2015-ന് വെളുപ്പിന് 7 മണിയോടെ ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ ഐവർകുളം വിഷ്ണു ക്ഷേത്രത്തിന്റെ ആശ്രമത്തിൽവച്ച് ബി.ജെ.പി. പ്രവർത്തകനായ വിപിനെ ഡി.വൈ.എഫ്.ഐ. എടയ്ക്കാട് ബ്ലോക്ക് പ്രസിഡന്റും ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ. യുടെ മകനുമായ സുരേഷ്, രാജേഷ് തുടങ്ങി 50 ഓളം പ്രവർത്തകർ ചേർന്ന് ഇരുമ്പ്, പൈപ്പ് തുടങ്ങിയ ആയുധങ്ങളുമായി ദേഹോദ്രപം ഏൽപ്പിക്കുകയും ടിയാളുടെ മോട്ടോർ സൈക്കിൾ കേട് വരുത്തുകയും ചെയ്തു. ഐവർകുളത്ത്

ബി.ജെ.പി., സി.പി.എം. പ്രവർത്തകർ തമ്മിൽ സംഘട്ടനം നടക്കുന്നതായി വിവരം അറിഞ്ഞപ്പോൾ തന്നെ ചക്കരക്കൽ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി സ്ഥലത്തെത്തിയപ്പോൾ കൂട്ടം കൂടി നിന്നവർ ഓടിപ്പോകാൻ ശ്രമിച്ചു. കൂട്ടത്തിൽ നിന്ന് സുനീഷ്, രാജേഷ് എന്നിവരെ പിടികൂടി ചോദ്യം ചെയ്തപ്പോൾ അവ്യക്തവും പരസ്പര വിരുദ്ധവുമായ മറുപടി പറഞ്ഞു. ഇവർ ഏതോ കുറ്റകൃത്യത്തിന് തയ്യാറെടുക്കുകയാണ് എന്ന് പോലീസിന് ഉത്തമ ബോധ്യം ലഭിച്ചതിൽ ഇവരെ ഇരുവരേയും നിയമാനുസൃതം അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി സി.ആർ.പി.സി. 151 പ്രകാരം, ക്രൈം 89/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് സ്റ്റേഷനിൽ സൂക്ഷിച്ചു. ഇതിൽ പ്രതിഷേധിച്ച് 10.15 മണിയോടെ ധർമ്മടം എം.എൽ.എ. ശ്രീ. കെ. കെ. നാരായണൻ മറ്റ് സി.പി.എം. നേതാക്കളായ പി. ജയരാജൻ, എം.വി. ജയരാജൻ, കെ.കെ. രാഗേഷ് എന്നിവരുടെ നേതൃത്വത്തിൽ 200 ഓളം സി.പി.എം. പ്രവർത്തകർ സംഘടിച്ച് ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ വന്ന് കുത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുകയും, ഇവരിൽ ചിലർ സബ് ഇൻസ്പെക്ടറെ ദേഹോദ്രപം ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന്

അക്രമാസക്തരായി പോലീസ് സ്റ്റേഷൻ കോംപൗണ്ടിൽ നിന്ന കൊടിമരത്തിനും, പോലീസ് ജീപ്പിനും ഡി.വൈ.എഫ്.ഐ. യുടെ കൊടി നാട്ടി, സർക്കാർ വാഹനങ്ങളായ രണ്ട് ബൈക്കിനും, ഒരു ക്വാളീസ് കാറിനും കേട് വരുത്തുകയും, ചെടിച്ചട്ടികൾ തകർക്കുകയുംചെയ്തു. അക്രമത്തിൽ പൊതുമുതലിന് 2 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വിവരം അറിഞ്ഞ് കണ്ണൂർ ഡി.വൈ.എസ്.പി. സ്ഥലത്തെത്തി നേതാക്കളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകരുതലായി അറസ്റ്റ് ചെയ്ത സുനീഷിനേയും, രാജേഷിനേയും വിട്ടയക്കുകയുണ്ടായി. ഐവർകുളത്തുവച്ച് വിപിനെ ദേഹോദ്രപം ഏൽപ്പിച്ചതിന് സുനീഷ്, രാജേഷ് 50 ഓളം ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. 143, 147, 148, 341, 323, 324, 506 (2), 318, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 91/2015 ആയും, പോലീസ് സ്റ്റേഷനിൽ അക്രമം കാണിച്ചതിന് ശ്രീ. കെ.കെ. നാരയണൻ, സർവ്വശ്രീ പി. ജയരാജൻ, എം.വി. ജയരാജൻ, കെ.കെ. രാഗേഷ് ഉൾപ്പെടെ കണ്ടാലറിയാവുന്ന 200 ഓളം പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. 143, 147, 452, 353, 332, 506 ,149 പി.ഡി.പി.പി. ആക്ട് 53 എന്നീ

വകുപ്പുകൾ പ്രകാരം ക്രൈം 90/2015 ആയി കേസ്സുകൾ രജിസ്റ്റർ ചെയ്ത് യഥാക്രമം ചക്കരക്കൽ പോലീസ് സബ് ഇൻസ്പെക്ടറും, കണ്ണൂർ സിറ്റി പോലീസ് സബ് ഇൻസ്പെക്ടറും അന്വേഷിച്ചു വരികയാണ്. പോലീസ് സ്റ്റേഷനിൽ അക്രമം നടത്തിയതിന് രതീഷ്, സജീഷ്, രാജേഷ്, വിനയൻ, സംയോജൻ, രഞ്ജിത്ത് എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുൻപാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. മറ്റു പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടത്തിവരുന്നു. .............(ബഹളം).......... ഇതിനകത്ത് എം.എൽ.എ. യുടെ മകനെ പോലീസ് മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കും, അക്കാര്യത്തിൽ സംശയമൊന്നുമില്ല. തന്നെയുമല്ല കണ്ണൂരിൽ ബി.ജെ.പി., സി.പി.എം. സംഘർഷങ്ങൾ അയവു വരുത്തുവാൻ വേണ്ടി ജില്ലാ തലത്തിൽ ജില്ലാ കളക്ടറോട് ഞാൻ തന്നെ ആവശ്യപ്പെട്ടിട്ട് യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിനുശേഷം അവിടെ ശാന്തത കൈവന്നിട്ടുണ്ട്. വളരെ ഉത്തരവാദിത്വപരമായിട്ട് സി.പി.എം. ന്റേയും ബി.ജെ.പി. യുടേയും, രണ്ടു കൂട്ടരുടേയും നേതാക്കൾ ആ യോഗത്തിൽ പങ്കെടുക്കുകയും, ശ്രീ. കെ.പി. മോഹനനും ആ യോഗത്തിൽ പങ്കെടുത്തതാണ്,

സർവ്വകക്ഷി യോഗത്തിൽ വച്ച് നല്ല തീരുമാനമെടുത്തിട്ടുണ്ട്. അവിടെ സമാധാന അന്തരീക്ഷം നിലനിർത്താൻ എല്ലാപേരും സഹായിക്കാമെന്നും, സഹകരിക്കാമെന്നും ജില്ലാ ഭരണകൂടം ഉറപ്പ് നൽകിയിട്ടുണ്ട്. വേണ്ടി വന്നാൽ വിവിധ കക്ഷികൾ തമ്മിൽ ഉഭയകക്ഷി ചർച്ച വരെ നടത്താമെന്ന് സി.പി.എം., ബി.ജെ.പി. നേതാക്കൻമാർ സമ്മതിച്ചിട്ടുള്ള കാര്യമാണ്. തീർച്ചയായിട്ടും ശ്രീ. കെ.കെ. നാരായണന്റെ മകന് പോലീസ് മർദ്ദനം ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ അതിനെ ഗൗരവമായിട്ടുതന്നെ എടുക്കുന്നു.

ശ്രീ. കെ. കെ. നാരായണൻ: സർ, എന്റെ മകൻ വാങ്ങിയ കാശ് തിരിച്ചു കൊടുക്കുവാൻ പോകുകയായിരുന്നു, അപ്പോഴാണ് പോലീസ് വരുന്നത്, അക്രമത്തിൽ പങ്കെടുത്തയാളാണെങ്കിൽ ഓടി രക്ഷപ്പെടുകയില്ലേ? പോലീസിനെ കണ്ട് അവിടെ നിന്നിട്ടുണ്ട്. പോലീസ് എഴുതി തന്ന കള്ള റിപ്പോർട്ടാണ് നിങ്ങൾ വായിച്ചത്. ഞാൻ ഒരു കാര്യം ചെയ്യാം നിങ്ങൾ എനിയ്ക്ക് ഒരു സൗജന്യവും ചെയ്തു തരേണ്ട. കോടതിയെ ഞാൻ സമീപിച്ചിട്ടുണ്ട്, ഏത് ഭാഗത്താണ് നീതി എന്നു നമുക്ക് നോക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതായാലും ശ്രീ. കെ. കെ. നാരായണൻ ഒരു എം.എൽ.എ. ആണ്, ജനപ്രതിനിധിയാണ്, അങ്ങ് ഉത്തരവാദിത്വ ബോധത്തോടെ ഈ നിയമസഭയിൽ പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ഗൗരവമായിട്ട് എടുക്കുന്നു. ഞാൻ അതിനെപ്പറ്റി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് അന്വേഷിക്കാൻ പറയാം. അകാരണമായി അങ്ങയുടെ മകനെ പോലീസ് പിടിച്ചുകൊണ്ടുപോകുകയും മർദ്ദിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, തീർച്ചയായിട്ടും അങ്ങ് പറഞ്ഞ കാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി ഞാൻ ഗൗരവമായിട്ട് എടുക്കുന്നു. അന്വേഷിക്കും, അങ്ങ് പറഞ്ഞ കാര്യം ശരിയാണെങ്കിൽ ബന്ധപ്പെട്ട ആളുകളുടെ പേരിൽ നടപടിയെടുക്കും.

പ്രധാനദ്ധ്യാപികയുടെ മരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ കുഞ്ചിത്തണ്ണി എന്ന സ്ഥലത്ത് ഗവൺമെന്റ് ഹൈസ്കൂളിൽ പുഷ്പലത എന്ന പ്രഥമ അധ്യാപിക, അവർ ഇന്നലെ മരണപ്പെട്ടു. ഈ അധ്യാപിക മരണപ്പെടാൻ ഇടയായ സാഹചര്യം അവിടെ സ്കൂളിൽ ഡി.ഡി.ഇ. ഓഫീസിൽ നിന്നും ശശിധരൻ എന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും, ഇസ്മായിൽ- സീനിയർ സൂപ്രണ്ടും, ഇവർ കാഷ്യൽ ലീവിൽ പോകുകയും സമരം ചെയ്തുകൊണ്ടിരിക്കുന്ന ദിവസത്തിൽ തന്നെ ഇവർ രണ്ടുപേരും ആ സ്കൂളിൽ ചെന്ന് ടീച്ചറോട് നിർബന്ധിച്ച് അവിടെ അവധിയിൽ പ്രവേശിച്ചിരുന്ന മറ്റൊരു

ക്ലർക്കിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടു. അത് കൊടുക്കാൻ ഒക്കത്തില്ല എന്ന് പറഞ്ഞതുമായി ബന്ധപ്പെട്ട് അവരെ ഭീഷണിപ്പെടുത്തി, ടീച്ചറെ സസ്പെൻഡ് ചെയ്യുമെന്നും, നടപടി സ്വീകരിക്കുമെന്നും, മക്കളെല്ലാം തെരുവിൽ ആകുമെന്നും, നിങ്ങൾ റിപ്പോർട്ട് തന്നില്ലായെങ്കിൽ അത് വളരെ ഗുരുതരമായ തെറ്റാണ് എന്നുള്ള നിലയിൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി അവർ ബോധം കെട്ട് വീഴുകയും ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. പിറ്റേദിവസം അവരുടെ സഹോദരൻ വെള്ളത്തുവൽ പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊടുത്തു, ഇതാണ് സംഭവം. രണ്ട് ഉയർന്ന ഉദ്യോഗസ്ഥർ വന്നതിന്റെ ഭാഗമായി നടന്നിട്ടുള്ള സംഭവത്തിന്റെ അടിസ്ഥാനത്തിൽ ആണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നത്. അതിനെ സംബന്ധിച്ച് പിന്നീട് അന്വേഷണം ഉണ്ടായില്ല. ഇത് 6-ാം തീയതിയാണ് നടക്കുന്നത്. ഇത്രയും ദിവസങ്ങൾ ആയതിനുശേഷം അവർ മരണപ്പെടുകയും ചെയ്തു, ഇതുമായി ബന്ധപ്പെട്ട് പിന്നീട് പോലീസ് ഇടപെടുകയോ, കേസ് അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. എന്റെ ആവശ്യം എന്നു പറയുന്നത് പുഷ്പലത മരണപ്പെടാൻ ഇടയായ സാഹചര്യത്തിന് രണ്ട് ഉദ്യോഗസ്ഥരുടെ പേരിൽ

കൊലക്കുറ്റത്തിന് കേസ്സ് എടുക്കുകയും, ഇത് ആസ്പദമായി പ്രശ്നങ്ങൾ വരുന്നുണ്ട് എന്ന് 6-ാം തീയതി പോലീസിൽ പെറ്റീഷൻ കൊടുത്ത സാഹചര്യത്തിൽ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യാതെ, കേസ് അന്വേഷണം നടത്താതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം. ഈ കുടുംബത്തിന് നീതി ലഭ്യമാക്കി നിയമ വ്യവസ്ഥ നിലനിർത്താൻ വേണ്ടിയുള്ള നിലപാട് സ്വീകരിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ രാജേന്ദ്രൻ എം.എൽ.എ. ഈ സബ്മിഷൻ ഉന്നയിക്കുന്നതിനു മുമ്പുതന്നെ ഇതുമായി ബന്ധപ്പെട്ട ഒരു പരാതി എനിക്ക് നൽകിയിരുന്നു. ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ പരിധയിലുള്ള, കുഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമ അധ്യാപികയായ കണ്ണൂർ മയ്യിൽ സ്വദേശിനി ശ്രീമതി ഇ.പി. പുഷ്പലത (52) ഈ സ്കൂളിലെ ഒരു ക്ലാർക്കിന് അവധി അനുവദിച്ചതുമായി ബന്ധപ്പെട്ട് ഇടുക്കി ഡി.ഡി.ഇ. ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശശിധരൻ 06.03.2015-ൽ സ്കൂളിൽ വന്ന് ഹെഡ്മിസ്ട്രസിനെ ഭീക്ഷണിപ്പെടുത്തിയതിനെ തുടർന്ന് മാനസികമായി തകർന്ന ശ്രീമതി. പുഷ്പലതയെ 07-03-2015 സ്ട്രോക്ക് ബാധിച്ച്

കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നും ഏത് നിമിഷവും മരണപ്പെടുന്ന അവസ്ഥയിലാണെന്നും ഈ ദാരുണാവസ്ഥയ്ക്ക് കാരണക്കാരായ ഉദ്യോഗസ്ഥനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി പുഷ്പലതയുടെ സഹോദരൻ ശ്രീ. ഇ. പി. സുധീഷ് തയ്യാറാക്കിയ ഒരു പെറ്റിഷൻ 10.03.2015-ൽ രാത്രി 8 മണിയോടുകൂടി കെ.എസ്.റ്റി.എ. ഭാരവാഹികളായ ശ്രീ. പി. കെ. സുധാകരൻ, ശ്രീ. റ്റി. എൻ. ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ വെള്ളത്തുവൽ പോലീസ് സ്റ്റേഷനിൽ എത്തിച്ചു. ഈ പരാതി 370/17 ഐ.എ.പി.എഫ്./15 എഫ്3 നമ്പരായി രജിസ്റ്റർ ചെയ്തു. വെള്ളത്തുവൽ എസ്.ഐ. പരാതിക്കാരനെ 11.03.2015 രാവിലെ 7 മണിയോടുകൂടി ഫോണിൽ ബന്ധപ്പെട്ട് പരാതി സംബന്ധിച്ച് അന്വേഷണം നടത്തുകയും ശ്രീമതി പുഷ്പലത ഇന്ന് പുലർച്ചെ 5.10 ന് മരണപ്പെടുകയും ചെയ്തതായി പരാതിക്കാരൻ അറിയിച്ചു. കൂടാതെ ആശുപത്രിയിൽ നിന്ന് മൃതദേഹവുമായി ഇയാൾ കണ്ണൂരിലേയ്ക്കുള്ള യാത്രയിലാണെന്ന് അറിയിച്ചു. പോലീസ് ഈ കേസ് ഗൗരവതരമായി അന്വേഷിക്കുന്നതാണ് ഇന്ന് രാവിലെയാണ് മരണപ്പെട്ട വാർത്ത അറിഞ്ഞത്, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ച് ബഹുമാനപ്പെട്ട മെമ്പർ

ഇവിടെ സൂചിപ്പിച്ച എല്ലാ നിയമ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. വളരെ ഗൗരവതരമായിതന്നെ ഈ സംഭവത്തെ കണക്കിലെടുത്തുകൊണ്ട് യുക്തമായ നിയമ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കും.

## നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. വളരെ രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ള ഒരു മണ്ഡലമാണ് മാവേലിക്കര. ഏതാണ്ട് ജനുവരി മുതൽ മെയ് മാസംവരെയുള്ള അഞ്ച് മാസക്കാലം മണ്ഡലത്തിലെ എട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ടാങ്കറിലാണ് വെള്ളം വിതരണം ചെയ്യുന്നത്. വളരെ രൂക്ഷമായ കുടിവെള്ള പ്രതിസന്ധിയാണ് മണ്ഡലം നേരിടുന്നത്. മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന ഒരു വലിയ പദ്ധതിയാണ് പാറ്റൂർ പദ്ധതി. 16 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ പദ്ധതി ഉദ്യോഗസ്ഥന്മാരുടെ കടുത്ത അലംഭാവം കാരണം കമ്മിഷൻ ചെയ്യുന്നത് വളരെ വൈകിയാണ്. മിനിസ്റ്റർ തലത്തിൽ ഒട്ടേറെ യോഗങ്ങൾ അങ്ങ് തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി അവലോകന യോഗങ്ങൾ

ചേരുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം പ്രോജക്ട് ഡിവിഷനാണ് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയത്. അവർ ഇപ്പോൾ അത് ആലപ്പുഴയ്ക്ക് handover ചെയ്തു. അങ്ങ് കൂടി പങ്കെടുത്തുകൊണ്ട് ചേർന്ന അവലോകന യോഗത്തിനു ശേഷം ആലപ്പുഴ പ്രോജക്ട് ഡിവിഷൻ വീണ്ടും കോട്ടയത്തിന് ട്രാൻസ്ഫർ ചെയ്യണം എന്നൊരാവശ്യം ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥർ ഈ പദ്ധതിക്കാവശ്യമായ നടപടികൾ സ്വീകരിക്കാതെ തട്ടിക്കളിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജനങ്ങളുടെ വലിയ പ്രതിഷേധം ഇക്കാര്യത്തിലുണ്ട്. അതുകൊണ്ട് അടിയന്തരമായി പാറ്റൂർ പദ്ധതി ഈ മെയ് മാസത്തോടുകൂടി തന്നെ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നൂറനാട്, ചുനക്കര, സമീപ പഞ്ചായത്തുകളിലേയ്ക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ശ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുള്ളതു തന്നെയാണ്. ഘട്ടം ഒന്നിന്റെയും ഘട്ടം രണ്ടിന്റെയും പൊതു ഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു കഴിഞ്ഞു. 170 കുതിര ശക്തിയുള്ള രണ്ട് റോ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തു കഴിഞ്ഞു. ജലശുദ്ധീകരണശാല നിർമ്മാണം പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ്

മെയിൻ പൂർത്തീകരിച്ചു. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി പൂർത്തീകരിച്ചു. ഭൂതല സംഭരണിയിൽ നിന്നും ചുനക്കരയിലേയ്ക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ പൂർത്തീകരിച്ചു. 170 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്, അതിനു വേണ്ടി 21,20,000 രൂപ ആവശ്യമായി വരും. നിലവിലുള്ള റോ വാട്ടർ പമ്പ് ഹൗസ് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും ഭ്രൂ സ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടി ഇളകി വീഴുന്ന നിലയിലുമാണ്. ആയതിനാൽ 170 എച്ച്.പി. റോവട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് പമ്പ് ഹൗസ് പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടറിന്റെ അവസാന തീയതി 16.03.2015 ആണ്. ശുദ്ധീകരണശാലയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനത്തിനായി ഒരു സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിലെ ചുറ്റുമതിൽ ഉൾപ്പെടെ 57,00,000 ലക്ഷം രൂപയും പമ്പ് സെറ്റിന്റെ 21.2 ലക്ഷം രൂപയും ചേർത്ത് 78,00,000 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഈ പദ്ധതിക്ക് ഘട്ടം 1-

ൽ 720 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ ഇതുവരെയുള്ള ചെലവ് 720 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ ഘട്ടം രണ്ടിന് 425 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. അതിൽ 415 ലക്ഷം രൂപ ചെലവായി. ഇത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെല്ലിന്റെ സംഭരണ വില**

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിൽ നെൽകൃഷി വലിയ പ്രതിസന്ധിയിലാണ്. ഞാൻ പാലക്കാട് ജില്ലയിൽ നിന്നാണ് വരുന്നത്. 1970-കളിൽ 8.25 ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്ന സംസ്ഥാനത്ത് ഇപ്പോൾ ബാക്കിയായിട്ടുള്ളത് 1.75 ഹെക്ടറാണ്. നമ്മുടെ നെൽവയൽ നിയമം അതുപോലെതന്നെ നെൽകൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന വയലുകൾ അത് മണ്ണിട്ട് നികത്തുന്നതിനെതിരായിട്ട് പലതരം നിയമനിർമ്മാണങ്ങളും നടപടികളുമായിട്ട് മുന്നോട്ട് പോകുന്നു. നെൽകൃഷി നടത്തുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ബേസിക് ഇഷ്യൂ അത് ലാഭകരമാണെങ്കിൽ പിന്നെ സ്വാഭാവികമായി അത് കൺവേർട്ട് ചെയ്യുന്നതിൽനിന്ന് ആളുകൾ അകന്ന് നിൽക്കും. പക്ഷേ

നെൽകൃഷി കേരളത്തിൽ ലാഭകരമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്ക് കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 15 രൂപ വച്ചിട്ടാണ് നെല്ലിന് സംഭരണ വില നിശ്ചയിച്ചിരുന്നത്. അത് ഈ ഗവൺമെന്റ് യഥാക്രമം 16, 17, 18 രൂപയായും കഴിഞ്ഞ നാല് വർഷംകൊണ്ട് ഇപ്പോൾ 19 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല നെല്ല് സംഭരിക്കുന്നതിന്റെ അളവിലും, സർക്കാരിനുവേണ്ടി ചെലവഴിച്ച തുകയിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 19 രൂപ ഒരു കിലോ നെല്ലിന് കൊടുക്കുമ്പോൾ 13.60 പൈസ കേന്ദ്രഗവൺമെന്റിന്റെ വിഹിതവും 5.40 പൈസ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഇതിനിടയ്ക്ക് കർഷകരെ തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമവും നടന്നു. നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുമ്പോൾ കേന്ദ്ര സർക്കാരിൽ നിന്ന് കൊടുക്കുന്ന 13.60 പൈസ ആദ്യം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ നെല്ലിന്റെ വില വ്യാപകമായ തോതിൽ വെട്ടിച്ചുരുക്കിയെന്ന രീതിയിൽ വ്യാജ പ്രചരണങ്ങളും അതിനെ രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ട് പലരും മുന്നോട്ട് പോയി. എന്തായാലും അങ്ങയുടെയും ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെയും വ്യക്തമായ സ്റ്റേറ്റ്മെന്റുകൾ അക്കാര്യത്തിൽ കർഷകർക്കുണ്ടായിരുന്ന ആശങ്കകളകറ്റി. നെല്ലിന്റെ വില കിലോയ്ക്ക് 19 രൂപ തന്നെയാണ്, കേന്ദ്ര സർക്കാരിന്റെ വിഹിതം ആദ്യം കൊടുക്കുമെന്നേയുള്ളൂ. ഇതിൽ ഡിലേ വരുന്നത് നെൽകൃഷിനടത്തുന്നതിനായി പലിശയ്ക്ക് പണമെടുത്ത്, പണമിറക്കി കൃഷി നടത്തിയ കർഷകന് അവന്റെ പൈസ കൊടുക്കുന്ന കാര്യത്തിലുണ്ടാകുന്ന താമസമാണ് അവരുടെ നഷ്ടത്തിന്റെ ഒരു പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് കൊടുക്കുന്ന തുക ഈ സംഭരണം നടത്തി രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽതന്നെ കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയും, നമ്മൾ പാലക്കാട്ട് വച്ച് അതിന്റെ സംസ്ഥാന തല ഉദ്ഘാടനമൊക്കെ നടത്തുകയും ചെയ്തുമാണ്. ഇവിടെ റബ്ബറിന് വില കുറഞ്ഞപ്പോൾ വളരെ സീരിയസ്സായിട്ടുള്ള ഇൻവോൾവ്മെന്റ് ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടായി. ഞാൻ അതിനെ അഭിനന്ദിക്കുന്നു. അതേ തോതിലുള്ള ഇൻവോൾവ്മെന്റ് നെല്ലിന്റെ കാര്യത്തിലും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഈ സഭ മുമ്പാകെ ഞാൻ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. ഓരോ വർഷവും ഓരോ രൂപ വച്ച് വർദ്ധിപ്പിച്ച് നെല്ലിന്റെ വില 20 രൂപയെങ്കിലും ആക്കി കേരളത്തിലെ നെൽക്കർഷകന്

ആശ്വാസമേകുന്നതിനുള്ള നടപടി ഗവൺമെന്റ് എടുക്കണം. ഇവിടെ 5.40 പൈസ സംസ്ഥാന സർക്കാർ സർക്കാരിന്റെ വിഹിതമായി കൊടുക്കുമ്പോൾ നമുക്ക് ഏകദേശം 300 കോടിയുടെ അധിക ബാധ്യത വരുന്നുണ്ട് എന്നുള്ള കണക്കുകളും ഇവിടെ സൂചിപ്പിച്ചു. അങ്ങനെയാണെങ്കിൽ അതിനോടുകൂടി ഒരു രൂപ കൂടി ചേർത്താലും ഏകദേശം 300 മുതൽ 340 കോടി രൂപ വരെ മാത്രമെ അതിനു വേണ്ടി ചെലവഴിക്കേണ്ടതായി വരുന്നുള്ളൂ. പക്ഷേ കേരളത്തിലെ നെൽകർഷകനെ സംബന്ധിച്ചിടത്തോളം അതിനേക്കാൾ എത്രയോ പതിന്മടങ്ങ് ആശ്വാസമായിരിക്കും കർഷകർക്ക് ലഭിക്കുമെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം കേരളത്തിൽ കൃഷിക്കുവേണ്ടി ചെലവാകുന്ന തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. ആ ചെലവുകൂടി പരിഗണിച്ച്, മറ്റുള്ള സംസ്ഥാനങ്ങൾ കൃഷി നടത്തുന്നതുപോലെയല്ല നമുക്ക് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടാണ് മാത്രമല്ല അവർക്ക് കൊടുക്കുന്ന കൂലി മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അതൊക്കെ പരിഗണിച്ച് ദയവായി നെൽകർഷകരിൽ നിന്ന് ഒരു കിലോ നെല്ല് സംഭരിക്കുമ്പോൾ 20 രൂപ

കർഷകന് കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട അംഗം എല്ലാ വിഷയങ്ങളെക്കുറിച്ചും വിശദമായി പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 13 രൂപയായിരുന്നു. അത് 2015 ആയപ്പോൾ 19 രൂപയായി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് എല്ലാ വർഷവും അതിന്റെ ആനുപാതികമായ വർദ്ധനവ് നൽകിക്കൊണ്ടിരിക്കുന്നു. അത് ഇന്ന് ഇൻഡ്യയിൽ തന്നെ ഏറ്റവും ഉയർന്ന സംഭരണവിലയുമാണ്. 13.60 ആണ് കേന്ദ്രഗവൺമെന്റ് നൽകുന്നത്. 5.40 സംസ്ഥാന ഗവൺമെന്റ് അതിന്റെ വിഹിതം നൽകിയാണ് 19 രൂപയായി വർദ്ധിപ്പിച്ചത്. കർഷകർ നേരിടുന്ന പ്രതിസന്ധികളും അവരുടെ വിഷയങ്ങളുമെല്ലാം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടാണ് കാലാകാലങ്ങളായി ഇതിന് വർദ്ധനവ് കൊടുത്തു കൊണ്ടിരിക്കുന്നത്. കാരണം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് ഗവൺമെന്റ് കർഷകരുടെ പ്രതിസന്ധികൾ കണ്ടില്ലെന്ന്

നടിക്കുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് ഇതിന്റെ വർദ്ധനവ് കാലാകാലങ്ങളായി നൽകിക്കൊണ്ടിരിക്കുന്നത്. ഇതിനകത്ത് അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിൽ യഥാസമയം ഇതിന്റെ തുക കൊടുക്കുക എന്നുള്ളതാണ്. ഗവൺമെന്റ് സപ്ലൈ-കോയ്ക്ക് അതിന്റെ തുക ലഭ്യമാക്കുന്നതിലുള്ള കാലതാമസമാണ് പലപ്പോഴും കർഷകർക്ക് രൂപ കൊടുക്കുവാൻ വൈകുന്നത്. സപ്ലൈ-കോ സ്വന്തമായ നിലയിൽ തന്നെ ലോൺ അവെയിൽ ചെയ്ത് കൊടുക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ ഫെബ്രുവരി 15-ാം തീയതി വരെ സംഭരിച്ച നെല്ലിന്റെ മുഴവൻ തുക കർഷകർക്ക് കൊടുത്ത ഒരു സാഹചര്യമാണുള്ളത്. ഇവിടെ മറ്റൊരു വിഷയം അദ്ദേഹം സൂചിപ്പിച്ചത് സംഭരണവിലയുടെ കാര്യംതന്നെ അത് ഒരു ചോദ്യമായി നാളെ ഫ്ലോറിൽ വരുന്നുണ്ട്. 13.60 ആദ്യഗഡുവായി ഞങ്ങൾ കൊടുക്കുകയുണ്ടായി. അങ്ങനെ കൊടുത്തപ്പോൾ അതിനകത്ത് വളരെയേറെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലേക്ക് അതിന് പ്രചരണം കൊടുത്തു എന്നതാണ് വസ്തുത. സംഭരണവില ഗവൺമെന്റ് കുറച്ചിട്ടില്ല. 19 രൂപതന്നെയാണ് നെല്ലിന്റെ സംഭരണവിലയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. 13.60 ആദ്യഗഡുവായി കൊടുത്തത് ഇവിടെ

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കർഷകർക്ക് ലോൺ എടുത്തുവരുന്ന സാഹചര്യത്തിൽ ലഭ്യമായിരിക്കുന്ന തുക ഉടനെത്തന്നെ വിതരണം ചെയ്യുക എന്ന സദുദ്ദേശമായിരുന്നു ഗവൺമെന്റ് അക്കാര്യത്തിൽ വച്ചിരുന്നത്. എന്തായാലും സംഭരണവില 19 രൂപയായിത്തന്നെ നിലനിർത്തിയിരിക്കുകയാണ്. ഇത് വർദ്ധിപ്പിക്കുന്നതിന് വിവിധ റെപ്രസെന്റേഷൻസ് ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. കേന്ദ്രഗവൺമെന്റ് ഈ അടുത്ത കാലത്തൊന്നും വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് തന്നെയാണ് തുടരെ തുടരെ ഇത് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. കർഷകരുടെ അടക്കമുള്ള സാഹചര്യങ്ങൾ ഇന്ന് ഗവൺമെന്റിന്റെ മുമ്പാകെ റെപ്രസന്റേഷൻസുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശാധിക്കുന്നുണ്ട്. കർഷകരുടെ കാര്യങ്ങൾ ഗവൺമെന്റ് ഒരിക്കലും കണ്ടില്ലെന്ന് നടിക്കാൻ ആഗ്രഹിക്കുന്നില്ല. ഇത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

## നെട്ടുമ്പ്രക്കാട് വിളക്കുമരം പാലം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല, അരൂർ മണ്ഡലങ്ങളുടെ കിഴക്കൻ

പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും ദീർഘകാലമായി ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ വലിയ ഒരു അഭിലാഷവുമായിരുന്ന നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കണമെന്നതാണ് എന്റെ ഈ സബ്മിഷനിൽ ഉന്നയിക്കുവാനുള്ളത്. ഈ വിഷയം സംബന്ധിച്ച് നിരവധി തവണ ഈ സഭയിൽ തന്നെ ഞാൻ സബ്മിഷൻ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പത്തു വർഷങ്ങൾക്കുമുമ്പ് നിർമ്മാണം ആരംഭിച്ച ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഒരു ഡിസൈൻ ഭേദഗതി പറഞ്ഞുകൊണ്ട് നിർത്തിവയ്ക്കുകയാണുണ്ടായത്. ആ ഡിസൈൻ ഭേദഗതി കഴിഞ്ഞു. റിവൈസ്ഡ് എസ്റ്റിമേറ്റ് എല്ലാം സമർപ്പിച്ചിട്ടും നിർമ്മാണ പ്രവർത്തനം ഇതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. പത്തുവർഷമായി ആ നിർമ്മാണ പ്രവർത്തനം നിലച്ച് കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായ പ്രക്ഷോഭങ്ങളും സമരങ്ങളും ഈ പ്രദേശത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു രൂപ പോലും ആ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി നീക്കിവയ്ക്കുകയുണ്ടായില്ല. അതാണ് നിർമ്മാണ പ്രവൃത്തികളൊന്നും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയിലെത്തിച്ചത്. അത് ഒരു പ്രദേശത്തെ ജനങ്ങളുടെ

ജീവപ്രധാനമായ ഒരാവശ്യം എന്നതിന്റെ അടിസ്ഥാനത്തിൽ ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ കണ്ടുകൊണ്ട് എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം എന്നതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കുവാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ചേർത്തല അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നിർമ്മാണം 2004 ലാണ് ഗവൺമെന്റ് അതിനുള്ള ആരംഭം കുറിച്ചത്. നിർഭാഗ്യവശാൽ ആ പാലം നിർമ്മാണത്തിന് പല തടസ്സങ്ങളുമുണ്ടായി. ഒന്ന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സംഗതികളാണ്. ആദ്യം ഇതിന് ആറ് കോടി രൂപയുടെ ഭരണാനുമതിയാണ് കൊടുത്തിരുന്നത്. പിന്നീട് അത് 10 കോടി 80 ലക്ഷമാക്കി മാറ്റി. രണ്ടു വർഷത്തിനകം ഭൂമി ഏറ്റെടുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2011-ൽ മേൽപ്പറഞ്ഞ ഭരണാനുമതി ലാപ്സായി കാലഹരണപ്പെട്ടുപോയി. ഈ ഗവൺമെന്റ് വന്ന് 2014-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് രണ്ടു കോടി രൂപ ഭൂമി ഏറ്റെടുക്കാൻ അനുവദിച്ചത്. ഇപ്പോൾ ഭൂമി കിട്ടിയിട്ടുണ്ട്. ഇപ്പോൾ പ്രശ്നമൊന്നുമില്ല. 25 കോടി രൂപയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ്. ഏതായാലും അവിടത്തെ ആവശ്യം പരിഗണിച്ച് മാത്രമല്ല 2004 ൽ

തുടങ്ങിയ സംഭവമാണ് ഒന്നും ആരംഭിച്ചിട്ടില്ല. ഇത് അടുത്ത നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 25 കോടി രൂപ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ ഡിവിഷൻ ഓഫീസ് മാറ്റി സ്ഥാപിക്കൽ

ശ്രീ. ജോസ് തെറ്റയിൽ: സർ, ബഹുമാനപ്പെട്ട ചെയറിന് അത്ര തൃപ്തിയുണ്ടാകാൻ സാധ്യതയില്ലാത്ത ഒരു കാര്യമാണ് എന്റെ സബ്മിഷൻ. കാരണമെന്തെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലത്തിൽ ഉള്ളതാണ് ഫോർട്ട് കൊച്ചി, ആർ.ഡി. ഓഫീസ്. എറണാകുളം ജില്ലയിൽ ആകെക്കൂടി ഒരു ആർ.ഡി.ഒ. ഓഫീസുണ്ടായിരുന്നപ്പോഴാണ് ഈ ഫോർട്ട് കൊച്ചി തീരുമാനിച്ചത്. അതിനുശേഷം മൂവാറ്റുപുഴയിൽ വന്നു. ഇപ്പോൾ എറണാകുളത്ത് എത്തിച്ചേരണമെങ്കിൽത്തന്നെ ഞങ്ങളുടെ നാട്ടിൽനിന്ന് മണിക്കൂറോളം യാത്ര ചെയ്തേ എറണാകുളത്ത് എത്താൻ സാധിക്കുകയുള്ളൂ. അവിടെ നിന്നും വീണ്ടും ഫോർട്ട് കൊച്ചിയിലേയ്ക്ക് പോകണം. അങ്കമാലി നിയോജകമണ്ഡലത്തിലുള്ള ഒരു പൗരന് ആർ.ഡി.ഒ. ഓഫീസിൽ എത്തിച്ചേരണമെങ്കിൽ വെളുപ്പിന് തുടങ്ങിയാലും ഉച്ചയ്ക്കുശേഷം എത്തുകയില്ല. അവിടെ ചെന്നുകഴിഞ്ഞാൽ സാധാരണ ആർ.ഡി.ഒ. ഉണ്ടാകാറില്ല. അങ്ങനെ തുടങ്ങിയ നിരവധി പ്രശ്നങ്ങളുണ്ട്. ലക്ഷക്കണക്കി നാളുകളാണ് ഈ ആർ.ഡി. ഓഫീസിൽ വരുന്നത്. ഞങ്ങളൊക്കെ ജില്ലയുടെ വടക്ക് കിഴക്കെ അറ്റത്താണ് താമസിക്കുന്നത്. ആർ.ഡി.ഒ. ഓഫീസ് ഈ ജില്ലയുടെ

തെക്ക് പടിഞ്ഞാറാണ്. ഞങ്ങൾക്ക് അവിടെ യാത്ര ചെയ്ത് എത്താനോ യാത്രാസൗകര്യം ഉണ്ടായാൽ പോലും എത്തിപ്പെടാൻ പറ്റാത്ത ഗതാഗതക്കുരുക്കാണ് അവിടെയുള്ളത്. ഇതൊരു വളരെ ന്യായമായ ആവശ്യമായാണ് ഉന്നയിക്കുന്നത്. എറണാകുളം സിറ്റി പ്രദേശത്ത് അല്ലെങ്കിൽ ജില്ലാ തലസ്ഥാനമായ കാക്കനാടുള്ള സ്ഥലത്തേക്കോ ആർ.ഡി.ഒ. ഓഫീസ് ഉണ്ടായിക്കഴിഞ്ഞാൽ ആളുകൾക്ക് എത്തിപ്പെടാനുള്ള സൗകര്യമുണ്ടാകും. അതുകൊണ്ട് അക്കാര്യത്തിലൊരു പരിഗണന നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതിന് സാമ്പത്തികമായി യാതൊരു ചെലവും വരികയില്ല. ഓഫീസ് ഷിഫ്റ്റിംഗ് മാത്രമേയുള്ളൂ.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ആർ.ഡി. ഓഫീസ് ഇപ്പോൾ നിലനിൽക്കുന്ന സ്ഥലത്തുനിന്ന് മാറ്റണമെന്നുള്ള ആവശ്യമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ആലുവ, കൊച്ചി, പറവൂർ തുടങ്ങിയ താലൂക്കുകൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസറുടെ അധികാര പരിധയിൽ വരുന്നതാണ്. എന്നാൽ ടി റവന്യൂ ഡിവിഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത് എറണാകുളം ജില്ലയുടെ അതിർത്തിയായ ഫോർട്ട് കൊച്ചിയിലാണ്. എറണാകുളം ജില്ലയുടെ വടക്കേയറ്റത്തെ നിയോജകമണ്ഡലമായ ആലുവ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ

നിന്ന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസിൽ എത്തിച്ചേരുന്നത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധന നടത്തിയതാണ്. ഇത് പരിഹരിക്കാൻ ചില നിർദ്ദേശങ്ങളും നിലവിൽ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകളാവശ്യമാണ്. അങ്ങേയ്ക്കുതന്നെ ഇത് അറിയാവുന്ന കാര്യമാണ്. അങ്ങ് കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കൂട്ടായ ഒരു ചർച്ച നടത്തിയതിനുശേഷം ഇക്കാര്യത്തെക്കുറിച്ച് തീരുമാനങ്ങൾ എങ്ങനെയാകണമെന്നതിനെക്കുറിച്ച് പിന്നീട് ആലോചിക്കാവുന്നതാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇത് ഫോർട്ട് കൊച്ചി എന്നു പറയുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഐക്യ കേരളത്തിനുമുമ്പുള്ള സബ്ഡിവിഷനാണ് ഇത്. അതും കൂടി അങ്ങയുടെ മനസ്സിലുണ്ടാകണം.

<u>താലൂക്കാഫീസിന് പുതിയ കെട്ടിടം</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ചാലക്കുടിയിൽ പുതിയതായി അനുവദിച്ച താലൂക്കാഫീസ് പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിക്കുന്നത്. മുൻസിപ്പാലിറ്റി വക ഷോപ്പിംഗ് കോംപ്ലക്സിൽ ഏറ്റവും ഉയർന്ന നിലയിൽ വിവിധാവശ്യങ്ങൾക്കുവേണ്ടി എത്തിച്ചേരുന്ന രോഗികളും പ്രായമായവരും വളരെ

കഷ്ടപ്പെടുകയാണ്. ചാലക്കുടി മുൻസിപ്പാലിറ്റിക്ക് വ്യവസായ വകുപ്പ് കൈമാറിയ റിഫ്രാക്ടറീസ് വക സ്ഥലം ചാലക്കുടിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുകയാണ്. ഈ സ്ഥലത്ത് താലൂക്കാഫീസിന് കെട്ടിടം പണിയുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതുകൊണ്ട് പ്രസ്തുത സ്ഥലത്ത് താലൂക്കാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ താലൂക്കുതലത്തിൽ പ്രവർത്തിക്കേണ്ട താലൂക്ക് സപ്ലൈ ഓഫീസ്, ഡി.ഇ.ഒ. ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഓഫീസ് തുടങ്ങിയ അനുബന്ധ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, തൃശ്ശൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച ചാലക്കുടി താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ലാ കളക്ടർ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജില്ലയിൽ പുതുതായി രൂപീകരിച്ച ചാലക്കുടി താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന്

5 കോടി രൂപയുടെ പ്രൊപ്പോസൽ ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ഓഫീസ്, ഡി.ഇ.ഒ. ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ജോയിന്റ് രജിസ്ട്രാർ ഓഫീസ്, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഓഫീസ് തുടങ്ങിയ അനുബന്ധ ഓഫീസുകൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

## ലിഫ്റ്റ് സൗകര്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലയിലെ ജനറൽ ആശുപത്രിയിൽ ആറുനില കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും മൂന്ന് നിലയുടെ പണി കഴിഞ്ഞപ്പോൾ സാമ്പത്തിക പ്രശ്നം കാരണം പണി നിർത്തിവയ്ക്കുകയും ചെയ്തു. ഈ മൂന്ന് നിലയുടെ പണി പൂർത്തിയായിട്ട് ഒരു കൊല്ലമായി. ഇത് പണിയുമ്പോഴുള്ള ഭാവനക്കുറവുകൊണ്ട് ഈ ആശുപത്രിയിലേക്ക് ഒരു റാമ്പ് പോലും പണിതിട്ടില്ല. അവിടെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം ഞാൻ നാലഞ്ചു പ്രാവശ്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഉന്നയിച്ചതാണ്. ഇതുവരെയും ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ആറ് നിലകളുടെ പണി പൂർത്തിയാക്കിയ ശേഷമേ

പ്രവർത്തനം തുടങ്ങുകയുള്ളു വെന്നുവച്ചാൽ അടുത്ത കാലത്തൊന്നും അത് സംഭവിക്കാൻ പോകുന്നില്ല. അതൊരു ക്രിമിനൽ വേസ്റ്റാണ്. മൂന്നുനിലകളുടെ പണി പൂർത്തിയാക്കിയ സ്ഥലം കാര്യക്ഷമമായി പ്രവർത്തനത്തിന് പര്യാപ്തമാക്കണമെങ്കിൽ റാമ്പ് ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി അവിടെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്നുള്ളതാണ് എന്റെ ആവശ്യം. ഒന്നും രണ്ടും നിലകളിലേയ്ക്ക് പോകുന്ന ഗർഭിണികൾക്ക് സ്റ്റെപ്പുകൾ കയറാൻ സാധിക്കില്ല. ഈ വിഷയം സംബന്ധിച്ച് അങ്ങയുടെ നേതൃത്വത്തിൽ ചേർന്ന യോഗങ്ങളിൽ പല തീരുമാനങ്ങളുമെടുത്തെങ്കിലും അതൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഇനിയും ഒരു സബ്മിഷൻ വരുത്താതിരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ആറ് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിത്തറ പണിയുകയും 3,45,00,000 രൂപ ചെലവിൽ മൂന്ന് നിലകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അവിടെ ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടില്ല. അവശേഷി ക്കുന്ന മൂന്നുനിലകൾ പണിയുന്നതിനും ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമായി

ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ലഭ്യമല്ലാതിരുന്നതിനാൽ ആവശ്യമായവ സേവിംഗ്സ് മുഖേന കണ്ടെത്തി സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 07-07-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നിലക്ക് ആവശ്യമായ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ജീവനും സ്വത്തിനും സംരക്ഷണം

ശ്രീ. സി. മോയിൻകുട്ടി: സർ, അത്യന്തം ഗൗരവതരമായൊരു വിഷയമാണ് എനിക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒരു ഗവൺമെന്റിന്റെ പ്രാഥമിക ചുമതല എന്നു പറയുന്നത്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളതാണ്. എന്റെ നിയോജക മണ്ഡലത്തിലെ മലയോര കുടിയേറ്റ മേഖലയിൽ കഴിഞ്ഞ 6-ാം തീയതി കാട്ടു പന്നി ആക്രമിച്ച് അബ്ദുൾസലാം എന്ന ഒരു ചെറുകിട കർഷകൻ അതിദയനീയമാംവിധം മരണപ്പെട്ടിരിക്കുകയാണ്. അഞ്ചോളം പട്ടിണി പാവങ്ങൾ ഗുരുതരമായ പരിക്കുപറ്റി

മെഡിക്കൽ കോളേജിലെ 19-ഉം 21-ഉം വാർഡുകളിൽ കിടക്കുകയാണ്. മനുഷ്യ മാംസം പച്ചയായി കടിച്ചുകീറുകയാണ് ചെയ്തിരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 5 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. ഈ സംഖ്യ വളരെ പരിമിതമാണ്. ഈ അഞ്ചുപേരുടേയും സ്ഥിതി വളരെ ദയനീയമാണ്. മരുന്ന് ലഭ്യമല്ല, തൃശ്ശൂരിൽ നിന്ന് മരുന്ന് വരുത്തണം. മരുന്നിന്റെ ബിൽ റീ ഇംപേഴ്സ് ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും കളക്ടറും ഉറപ്പു നൽകിയിട്ടുണ്ട്. പക്ഷേ, അവരുടെ കയ്യിൽ കാശൊന്നുമില്ല. ഈ സ്ത്രീകൾ വീട്ടുപണി എടുത്താണ് ജീവിക്കുന്നത്. ലളിത, ഹസീന, കുഞ്ഞുമോൾ, വാസു തുടങ്ങിയവരാണ് ആശുപത്രിയിൽക്കിടക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സോടുന്ന മുത്തപ്പൻവിള പ്രദേശത്ത് നട്ടുച്ചയ്ക്കുപോലും കാട്ടാന ഇറങ്ങുകയാണ്. കിട്ടുന്ന എല്ലാ അവസരങ്ങളിലും ഞാൻ ഇക്കാര്യം പറയാറുണ്ട്. വളരെ ഗൗരവതരമായൊരു ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. മനുഷ്യന്റെ ജീവനും സ്വത്തുമാണ് ഏറ്റവും പരമപ്രധാനമായിട്ടുള്ളത്. അനവധി സാങ്കേതികത്വം പറഞ്ഞുകൊണ്ട് തോക്ക് ലൈസൻസ് കൊടുക്കുന്നത് അനന്തമായി നീട്ടിക്കൊണ്ടു പോകുകയാണ്. നിലനില്പിന് വേണ്ടിയാണ് ആ പാവങ്ങൾ പൊരുതുന്നത്. വളരെ അടിയന്തരമായി

തോക്ക് ലൈസൻസ് കൊടുക്കണം. അതുപോലെ സാധാരണക്കാരനായ ഇടത്തരം കർഷകനായിരുന്ന മരിച്ചുപോയ അബ്ദുൾ സലാമിന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ പ്രാഥമികമായി പ്രഖ്യാപിച്ചു, അത് പരിമിതമായതിനാൽ 25 ലക്ഷം രൂപയെങ്കിലും നല്കണം. ആക്രമണത്തിനിരയായ ആളുകൾക്ക് ചികിത്സാ ചെലവും നഷ്ടപരിഹാരവും ഗവൺമെന്റ് നൽകണമെന്ന് വളരെ വിനീതമായി ഞാൻ അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ തോക്ക് ലൈസൻസിന്റെ കാര്യം ഗൗരവമായി കാണണം. റാപ്പിഡ് ഫോഴ്സിനെ വളരെ ഗൗരവമായി പുനർവിന്യസിപ്പിക്കണം. ശാശ്വതമായ ഒരു പരിഹാരം ഈ രംഗത്ത് ഉണ്ടാക്കിയാൽ മാത്രമേ പിടിച്ച് നിൽക്കാൻ സാധിക്കു. ഇതൊന്നും കയ്യേറ്റ ഭൂമിയല്ല. പട്ടയവും രേഖയുമുള്ള ഭൂമിയിലാണ് ഈ അക്രമം നടക്കുന്നത്. അതിന്റെ ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കണം. കാട്ടാനകളുടെയും കാട്ടുപന്നികളുടേയും ശല്യത്തിൽ നിന്നും ഈ പാവപ്പെട്ട ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ഇവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുകയും ഇവർക്കാവശ്യമായ ചികിത്സയും സാമ്പത്തിക സഹായവും നൽകുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യങ്ങളിലെ പൊതുവികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എന്നാൽ ഗവൺമെന്റിന് ചില പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സഹായം നൽകുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. അദ്ദേഹം ഉന്നയിച്ച കാട്ടുപന്നിയുടെ ആക്രമണത്തിൽ മരിച്ച ഒരു കുടുംബമുണ്ട്. അത് വളരെ സഹതാപം അർഹിക്കുന്ന ഒരു കേസാണ്. വനം വകുപ്പിൽ നിന്നും നേരത്തേ തന്നെ 5 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിരുന്നു. ഇക്കാര്യം ഞാൻ മുഖ്യമന്ത്രിയോട് സംസാരിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ കൂടി അനുവദിക്കും. അങ്ങനെ ആ കുടുംബത്തിന് 10 ലക്ഷം രൂപ കോമ്പൻസേഷനായി കൊടുക്കുകയാണ്. കാട്ടുപന്നിയുടെ ആക്രമണംമൂലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളവർ ക്കാവശ്യമായ വൈദ്യസഹായം ചെയ്തുകൊടുക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. അവരുടെ എല്ലാ ചികിത്സാച്ചെലവുകളും ഗവൺമെന്റ് വഹിക്കുന്നതാണ്. പരമാവധി 75,000 രൂപ വരെ കൊടുക്കുന്നതിനാണ് വനം വകുപ്പിന് പെർമിഷൻ ഉള്ളത്. അതുകൊണ്ട് അവരുടെ ചികിത്സാ ചിലവുകൾ പ്രസ്തുത തുകയുടെ ലിമിറ്റിൽ നിന്നുകൊണ്ട് ചെയ്യുന്നതിനുള്ള നടപടിയാണ്

സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച തോക്കുകളുടെ ലൈസൻസ് സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകുന്നതാണ്. തോക്ക് ലൈസൻസിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ചില നിബന്ധനകളുണ്ട്. ആ നിബന്ധനകൾക്ക് വിധേയമായി മാത്രമേ തോക്ക് ലൈസൻസ് നൽകാൻ സാധിക്കുകയുള്ളൂ. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്. അതായത് പന്നികളെ വെടിവയ്ക്കാനുള്ള അവകാശം, അതിന് വിധേയരാകുന്ന കർഷകർക്ക് നല്കിയിട്ടുണ്ട്. അതുകൊണ്ട് അവർക്കൊരു സെൽഫ് ഡിഫൻസ് എന്നുള്ള നിലയിലും അതോടൊപ്പംതന്നെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി തോക്ക് ഉപയോഗിക്കാനും വെടിവയ്ക്കാനുമുള്ള അവകാശം കൊടുത്തിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരാണ് നിയന്ത്രണം വിട്ടുവന്ന പന്നിയെ അവസാനം വെടിവച്ച് കൊന്നത്. കാട്ടാന ശല്യം ഒഴിവാക്കുന്നതിനായി എം.എൽ.എ.മാരുടെ ആവശ്യം കൂടി കണക്കിലെടുത്തു കൊണ്ട് ഫെൻസിംഗിനും കിടങ്ങ് കുഴിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5 ജില്ലകളിൽ ഈ പ്രശ്നം ഉണ്ട്. അതുകൊണ്ട് അതിനാവശ്യമായിട്ടുള്ള നടപടികൾ നമ്മൾ എടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് പ്രാവശ്യം ഇതിനെക്കുറിച്ച്

ആലോചിക്കുന്നതിനുവേണ്ടി യോഗം ചേർന്നിരുന്നു. അവിടെ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കണമെന്ന് പറഞ്ഞ ശ്രീ. സി. മോയിൻകുട്ടിയുടെ പൊതുവികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതിന് മനുഷ്യസഹജമായ രൂപത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളുമെടുക്കുമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, തോക്ക് ലൈസൻസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി സംസാരിച്ചശേഷം നിയമപരമായ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, വേഗത്തിൽ തോക്ക് ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിയമപരമായി എല്ലാ കാര്യങ്ങളെയും സാറ്റിസ്ഫൈ ചെയ്യുന്ന കേസുകളിൽ കാലവിളംബമുണ്ടാകാതെ തോക്ക് ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനം വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ചില നിർദ്ദേശതത്വങ്ങൾ ഉള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതുമാണ്.